# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :3670 20-10-2016 ൽ മറുപടിക്ക്

## അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (എ.എസ്.എ.പി.)

**ചോദ്യം** **ഉത്തരം**

ശ്രീ. പി.കെ. ബഷീർ

പ്രൊഫ.സി.രവീന്ദ്രനാഥ്
( വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (എ.എസ്.എ.പി.) ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | 1.അമൽ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, നിലമ്പൂർ<br>2. ഗവ. ഹയർസെക്കൻഡറി സ്കൂൾ, പാണ്ടിക്കാട്, മലപ്പുറം<br>3. ഗവ. ഹയർസെക്കൻഡറി സ്കൂൾ, അരീക്കോട്, മലപ്പുറം<br>4. ഗവ. ഹയർസെക്കൻഡറി സ്കൂൾ,കുഴിമണ്ണ, മലപ്പുറം<br>5. ഗവ. ഹയർസെക്കൻഡറി സ്കൂൾ, ഇരഞ്ഞിമങ്ങാട്, മലപ്പുറം<br>6. ഗവ. സീതിഹാജി മെമ്മോറിയൽ ഹയർസെക്കൻഡറി സ്കൂൾ, എടവണ്ണ,, മലപ്പുറം<br>7.ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ,കിഴുപറമ്പ, മലപ്പുറം<br>8.ഇസ്ലാഹിയ ഓറിയന്റൽ ഹയർ സെക്കൻഡറി സ്കൂൾ, എടവണ്ണ<br>9.എസ്.എസ്. ഹയർ സെക്കൻഡറി സ്കൂൾ, മൂർക്കനാട്, മലപ്പുറം |
| (ബി) | പദ്ധതിക്കായി എന്തെല്ലാം സൗകര്യങ്ങളാണ് അനുവദിച്ചു നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | ആയിരത്തോളം സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർഥികൾക്കായി അതതു സ്ഥാപനങ്ങളിൽ വച്ചു നടത്തപ്പെടുന്ന അടിസ്ഥാന നൈപുണ്യ പരിശീലനവും തെരഞ്ഞെടുത്ത തൊഴിൽ മേഖലയിലെ നൈപുണ്യ പരിശീലനവുമാണ് ലഭ്യമാക്കുന്നത്. ഇതിൽ പങ്കെടുക്കുന്ന വിദ്യാർഥികൾക്ക് തൊഴിൽ പരിശീല നത്തിനായി 120 സ്കിൽ ഡവലപ്മെന്റ് സെന്ററുകൾ (SDC) സജ്ജമാക്കിയിട്ടുണ്ട്. ഇവിടങ്ങളിൽ |

| | | | |
|---|---|---|---|
| | | | ആധുനിക സൗകര്യങ്ങളുള്ള കമ്പ്യൂട്ടർ ലബോറട്ടറികൾ, ബ്രോഡ്ബാൻഡ് ഇന്ററർനെറ്റ് (വൈഫൈ ) സൗകര്യം, 5 വീതം സ്മാർട്ട് ക്ലാസ്സ് മുറികൾ , LCD പ്രൊജക്ടറുകൾ, ഇന്ററാക്റ്റീവ് ബോർഡുകൾ എന്നിവയും സ്ഥാപിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ ലാബുകളെ KSWAN ശ്രംഖല വഴി ബന്ധിപ്പിച്ചിട്ടുണ്ട്. പൂർണ്ണമായും കമ്പ്യൂട്ടർ അധിഷ്ഠിതമായി പരിശീലനം, ഭരണ നിയന്ത്രണ നടപടികൾ, ഗുണമേന്മാ നിയന്ത്രണം , സർട്ടിഫിക്കറ്റ് നൽകൽ എന്നിവ സാദ്ധ്യമാക്കുന്ന തരത്തിൽ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം സജ്ജമാക്കിയിട്ടുണ്ട്. ആധുനിക തൊഴിൽ നൈപുണ്യ പരിശീലനം സമൂഹത്തിലെ വ്യത്യസ്ത തലങ്ങളിലുള്ളവർക്ക് ലഭ്യമാക്കാൻ ഉതകുന്ന നൈപുണ്യ പരിശീലന സമുച്ചയങ്ങൾ ആയ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ 15 സ്ഥലങ്ങളിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (സി) | മണ്ഡലത്തിലെ കൂടുതൽ സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ